Circular No. 293
**നവീകരണ സമിതി കേസ്**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 09-09-2022

ലോകത്തിന്റെ നാനാഭാഗങ്ങളിൽ വസിക്കുന്ന പ്രിയപ്പെട്ട ക്നാനായ മക്കളേ,

ക്നാനായ സമുദായം എന്നത് ഉടമ്പടിയുടെ ജനമാണ് (Covenant people). നമ്മുടെ പൂർവപിതാവായ അബ്രാഹവും ദൈവവും തമ്മിലുള്ള ഉടമ്പടിയിലൂടെ രൂപം കൊണ്ട ഈ ജനം ബാബിലോൺ പ്രവാസത്തിന് ശേഷം ദൈവവുമായുള്ള ഉടമ്പടിയുടെ ശാശ്വത അടയാളമായി ദൈവത്തോട് നടത്തിയ ഒരു വ്രതവാഗ്ദാനമാണല്ലോ സ്വവംശവിവാഹനിഷ്ഠ.

ലോകാവസാനത്തോളം മാറ്റം കൂടാതെ പാലിക്കുമെന്ന് ദൈവത്തിന് നമ്മുടെ പിതാക്കന്മാർ നൽകിയ വാഗ്ദാനം പാലിക്കാൻ ചിലർക്കെങ്കിലും സാധിക്കാതെ വന്ന സാഹചര്യത്തിൽ, അത് ക്നാനായ സമുദായത്തിന്റെ നിശ്ചയദാർഢ്യത്തെയും ദൈവത്തോടുള്ള വാഗ്ദാനപാലനത്തെയും പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ അവർക്ക് ആ വാഗ്ദാനത്തിൽ നിന്ന് ഒഴിവ് നൽകി സഭയിൽ പ്രത്യേകമായ സംവിധാനങ്ങൾ നാം ഒരുക്കി കൊടുക്കുകയും ചെയ്തു.

എന്നാൽ നൽകപ്പെട്ട സൗകര്യങ്ങൾ എല്ലാം പ്രയോജനപ്പെടുത്തിയതിന് ശേഷം തങ്ങളെ സഭയിൽ നിന്ന് പുറത്താക്കി എന്ന ആരോപണവുമായി അവരിൽ ചിലർ സിവിൽ കോടതിയെ സമീപിച്ചപ്പോൾ നാം അവർക്ക് സഭാജീവിതത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തുകൊടുക്കണമെന്ന അവരുടെ അപേക്ഷ അനുവദിക്കുക മാത്രമാണ് ചെയ്തതെന്നുള്ള നിലപാടാണ് സ്വീകരിച്ചത്. എന്നാൽ നാമൊരുക്കിയ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയതിന് ശേഷം പിന്നീട് അത് അപര്യാപ്താമാണെന്നുള്ള അവരുടെ വാദം അംഗീകരിച്ചുകൊണ്ട് അവരെയും കോട്ടയം അതിരൂപതയിൽ

അംഗങ്ങളായി തുടരാൻ അനുവദിക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിരിക്കുന്നത്. മാത്രമല്ല അവരോടൊപ്പം അവരുടെ തെക്കുഭാഗരല്ലാത്ത ജീവിതപങ്കാളിയെയും മക്കളെയും കൂടി 'ഉടമ്പടിയുടെ മക്കളായ' തെക്കുംഭാഗക്കാർക്ക് മാത്രമായി സ്ഥാപിതമായിരിക്കുന്ന കോട്ടയം അതിരൂപതയിൽ അംഗങ്ങളായി തുടരാൻ അനുവദിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

കീഴ്ക്കോടതിയുടെ ഈ തീരുമാനത്തിനെതിരെ അതിരൂപതയോടൊപ്പം ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ള ക്നാനായ വ്യക്തികളും സംഘടനകളും ചേർന്ന് ജില്ലാകോടതിയിൽ ഏകമനസ്സോടെ അപ്പീൽ സമർപ്പിക്കുകയും ക്നാനായ സമുദായത്തിന്റെ ഐക്യത്തെയും നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുന്ന ഈ തീരുമാനം അസ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തെങ്കിലും ജില്ലാകോടതി കീഴ്ക്കോടതിയുടെ തീരുമാനങ്ങളെ ശരിവയ്ക്കുകയാണ് ചെയ്തത്. കോട്ടയം ജില്ലാ കോടതിയിൽ നിന്നും നമ്മുക്കെതിരെ ഉണ്ടായിട്ടുള്ള ഈ വിധിയിൽ നിങ്ങളോടൊപ്പം ഞാനും ഏറെ വേദനിക്കുന്നു. ആ വേദന മുന്നോട്ടുള്ള പോരാട്ടത്തിനുള്ള ശക്തിസ്രോതസ്സാക്കി മാറ്റാൻ പരിശ്രമിക്കുന്നു.

വിധി വന്ന ഉടനെ തന്നെ നാം അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെയും വൈദിക സമിതിയുടെയും ഒരു സംയുക്ത യോഗം വിളിക്കുകയും മേൽ നടപടികളെപ്പറ്റി ചർച്ച നടത്തുകയും വിധിപ്പകർപ്പ് ലഭിക്കുന്നതനുസരിച്ച് ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാനും നിയമനടപടികളുമായി മുന്നോട്ടുപോകാനും തീരുമാനിക്കുകയും ചെയ്തു. ക്നാനായ സമുദായത്തിന്റെ അനന്യതയും വ്യതിരിക്തതയും നിയമപരമായി അംഗീകരിച്ചു കിട്ടുന്നതിനും തെക്കുംഭാഗർക്കു മാത്രമായി കോട്ടയം അതിരൂപതയെ നിലനിർത്തുന്നതിനും ആവശ്യമായ എല്ലാ മേൽനടപടികളും സ്വീകരിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.

പ്രിയപ്പെട്ട വൈദികരെ, സമർപ്പിതരെ, അൽമായ സഹോദരി സഹോദരന്മാരെ ഈ സാഹചര്യത്തിൽ നമ്മുടെ ഐക്യവും പ്രത്യാശയും തകർക്കുന്നതിനും നമ്മുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ മാർഗ്ഗതടസ്സമുണ്ടാക്കുന്നതിനുമുള്ള ചിലരുടെ ആസൂത്രിത

ശ്രമങ്ങൾക്കും കുപ്രചരണങ്ങൾക്കും നാം അടിമകളാകരുത്. ഒരു കാരണവശാലും നഷ്ടധൈര്യരാകാതെ ദൈവത്തിലുള്ള അചഞ്ചല മായ വിശ്വാസവും ക്നാനായ സമുദായത്തിന്റെ ഐക്യദാർഢ്യവും ഏറ്റം കൂടുതലായി മുറുകെപ്പിടിച്ചുകൊണ്ട് ഒരേ ആത്മാവും ഒരേ മനസ്സുമുള്ള ഒറ്റ ജനമായി മുന്നേറുവാൻ നാം ഏവരും പരിശ്രമിക്കു കയും അതിനാവശ്യമായ കൃപകൾക്കായി തീക്ഷ്ണമായി പ്രാർത്ഥി ക്കുകയും ചെയ്യണം.

അലറുന്ന കടലിന്റെ നടുവിലും ചുട്ടുപൊള്ളുന്ന മണൽക്കാ ട്ടിലും നമ്മുടെ പിതാക്കന്മാരെ കൈവെള്ളയിൽ സൂക്ഷിച്ചു വഴി നടത്തിയ നല്ലവനായ ദൈവത്തിന്റെ കരുണയിൽ ആശ്രയിച്ചു ദൈവ ത്തോടുള്ള നമ്മുടെ പിതാക്കന്മാരുടെ വാഗ്ദാനത്തിൽ അടിയുറച്ചു നിന്ന് മുന്നേറുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഭയപ്പെടേണ്ട ദൈവം നമ്മോടുകൂടെയുണ്ട്. ഞാനും എന്നും നിങ്ങളോടോപ്പമുണ്ടായിരിക്കും.

സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ സെപ്റ്റംബർ 11 -ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങ ളിലും വായിച്ചറിയിക്കേണ്ടതാണ്.